(ബി) ജലഗതാഗത വകുപ്പിന് കീഴിൽ സീ. കുട്ടനാട്, കോട്ടയം-ആലപ്പുഴ എക്സ്പ്രസ്, എറണാകുളം-കടമക്കുടി, ചമ്പക്കര-ഇൻഫോപാർക്ക് തുടങ്ങിയ പുതിയ സർവ്വീസുകൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം-ആലപ്പുഴ റൂട്ടിൽ പുതിയ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. 2010 ഫെബ്രുവരി മാസം 8-ാം തീയതിയാണ് സർവ്വീസ് ഉദ്ഘാടനം ചെയ്തത്. ഈ സർവ്വീസിന് ആവശ്യമായ സ്രാങ്ക് ഒഴിച്ചുള്ള ജീവനക്കാരെ പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്.

(ബി) ജലഗതാഗത വകുപ്പിന് കീഴിൽ സീ. കുട്ടനാട് എന്ന പേരിൽ പാസഞ്ചർ കം- ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപ്പർ ഡെക്ക് സംവിധാനമുള്ള ബോട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതാണ്. മറ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ജീവനക്കാരും ബോട്ടും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ആലപ്പുഴ കനാലിൽ മുങ്ങിക്കിടക്കുന്ന കാലപ്പഴക്കം ചെന്ന ബോട്ടുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ

121 (2221) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ കനാലിൽ മുങ്ങിക്കിടക്കുന്ന കാലപ്പഴക്കം ചെന്ന ബോട്ടുകൾ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് എസ്.ഡബ്ല്യു.റ്റി.ഡി.ക്കു നൽകിയ നോട്ടീസിനുമേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാലപ്പഴക്കം ചെന്ന 24 ബോട്ടുകളിൽ 20 എണ്ണം ടെന്റർ/ലേലം വഴി വിൽപന നടത്തി കനാലിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 4 എണ്ണത്തിന് പലതവണ ടെന്റർ/ലേലം നടത്തിയെങ്കിലും അസ്സസ്സ്ഡ് വാല്യൂവിലും കുറഞ്ഞ് വില വന്നതിനാൽ വില്ക്കുവാൻ സാധിച്ചില്ല. ഈ ബോട്ടുകൾ വിൽപ്പന നടത്തുന്ന കാര്യം പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്, സംസ്ഥാന ജല ഗതാഗത വകുപ്പ്. കെ.എസ്.ഐ.എൻ.സി. എന്നിവയിൽ നിന്നും ഓരോ പ്രതിനിധിയെ ഉൾപ്പെടുത്തി, ഒരു കമ്മിറ്റി രൂപീകരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് 9-12-2010-ലെ സ.ഉ.(സാധാ)നമ്പർ 554/2010/ഗതാ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നോട്ടീസിന്റെ അടിസ്ഥാനത്തിൽ മുകളിൽ (എ) യിൽ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ പാതകളുടെ അറ്റകുറ്റപ്പണികൾക്കായി ദേശീയപാത വികസന അതോറിറ്റിയിൽ നിന്നും ലഭ്യമായ തുക

122 (2222) ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ദേശീയ പാതകളുടെ അറ്റകുറ്റപ്പണികൾക്കായി ദേശീയപാത വികസന അതോറിറ്റിയിൽ നിന്നും ഈ സാമ്പത്തിക വർഷം ആകെ എത്ര കോടി രൂപയാണ് സംസ്ഥാന വിഹിതമായി ലഭിക്കേണ്ടിയിരുന്നത് ;

(ബി) ഇതുവരെ ഈ ഇനത്തിൽ എത്ര കോടി രൂപ ലഭ്യമായിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ഈ സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന കാലാവധിക്കുള്ളിൽ ബാക്കി തുക മുഴുവൻ ലഭ്യമാകും എന്ന് കരുതുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ മുഴുവൻ വിഹിതവും ലഭിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെ ;

(ഇ) സംസ്ഥാനത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിവിധ നാഷണൽ ഹൈവേയുടെ അറ്റകുറ്റ/വികസനപ്പണികൾക്കായി 413 കോടിയുടെ എസ്റ്റിമേറ്റ് കേന്ദ്രത്തിന് സമർപ്പിച്ചു. അതിൽ 126.76 കോടിയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(സി - ഇ) ബാക്കിതുക ലഭിക്കുന്നതിനുള്ള അനുമതിക്കായി സംസ്ഥാന സർക്കാർ ഫോളോ അപ് നടത്തിക്കൊണ്ടിരിക്കുകയാണ്.

മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി

123 (2223) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) പൊതുമരാമത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ സുതാര്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly